"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട മുൻ തൈക്കാട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറായിരുന്ന നിലവിൽ ഗുരുവായൂർ നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.ബി.സജീവിനെ പഞ്ചായത്ത് വകുപ്പിലേക്ക് പുനർ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1176/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/06/2020**

---

പരാമർശം:- 1 05/05/2012-ലെ സ.ഉ(എം.എസ്) നമ്പർ 121/2012/തസ്വഭവ

2 പഞ്ചായത്ത് ഡയറക്ടറുടെ 23.03.2019, 08.12.2019 തീയതികളിലെ ഇ9- 30242/13നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

നഗരസഭകളോട് ചേർത്തതും നഗരസഭകളാക്കി ഉയർത്തിയതുമായ ഗ്രാമപഞ്ചായത്തുകളിൽ തുടരുന്ന ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പുനഃപ്രവേശിപ്പിക്കുന്നതിനും അതുവരെ അവർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസുകളിൽ തന്നെ തുടരാനും പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. അതിൻ പ്രകാരം ഗുരുവായൂർ നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട മുൻ തൈക്കാട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറായിരുന്ന ശ്രീ.കെ.ബി.സജീവ നിലവിൽ ഗുരുവായൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ച് വരുന്നു. ശ്രീ.കെ.ബി.സജീവിനെ പഞ്ചായത്ത് വകുപ്പിലേയ്ക്ക് പുനഃപ്രവേശിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവുണ്ടെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ശ്രീ.കെ.ബി.സജീവിന് മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ നിയമനം നൽകുന്നതിന്, ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി 14.01.2019 ലെ 10/1 നമ്പർ തീരുമാനം ഗ്രാമപഞ്ചായത്ത് കൈക്കൊള്ളുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു ഗുരുവായൂർ നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട മുൻ തൈക്കാട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറായിരുന്ന, നിലവിൽ ഗുരുവായൂർ നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.ബി.സജീവിനെ, പഞ്ചായത്ത് വകുപ്പിലേയ്ക്ക് പുനഃപ്രവേശിപ്പിച്ച് തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ജില്ല

സെക്രട്ടറി, ഗുരുവായൂർ നഗരസഭ.

ശ്രീ.കെ.ബി.സജീവ്, പാർട്ട് ടൈം സ്വീപ്പർ, ഗുരുവായൂർ നഗരസഭ

(സെക്രട്ടറി, ഗുരുവായൂർ നഗരസഭ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/168/2018-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ